പൂട്ടിക്കിടക്കുന്ന വ്യവസായസ്ഥാപനങ്ങൾ

* 68 [68] ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. സി. കെ തങ്കപ്പൻ :
,, ലോനപ്പൻ നമ്പാടൻ :
,, എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ പൂട്ടിക്കിടക്കുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ ഉണ്ട് ;

(ബി) ഇവയിൽ ഓരോന്നിലും എത്ര തൊഴിലാളികൾ വീതമുണ്ട് ;

(സി) ഇതിന്റെ ഫലമായി എത്ര തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ട് ;

(ഡി) ഇവ തുറന്നു പ്രവർത്തിക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചു;

(ഇ) ഈ ഗവൺമെന്റിന്റെ കാലത്ത് 30-9-1986 വരെ പൂട്ടിക്കിടക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ എത്ര ;

(എഫ്) ഈ വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിടേണ്ടി വന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) പൊതുമേഖലയിൽ ഒന്നും സഹകാര്യമേഖലയിൽ പന്ത്രണ്ടും ഉൾപ്പെടെ പതിമൂന്ന്.

(ബി)
1. റൂബി റബ്ബർ വർക്സ്, ചങ്ങനാശ്ശേരി .. 275
2. അർജുനാ റബ്ബർ പ്രോഡക്ട്സ്, തൊടുപുഴ .. 62
3. ടി. കെ. കെമിക്കൽസ്, തിരുവനന്തപുരം .. 175
4. ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്, ആലപ്പുഴ (പൊതുമേഖലാ സ്ഥാപനം) .. 251
5. സെൻറ് മേരീസ് കളർ ആൻറ് കെമിക്കൽസ്, കോട്ടയം .. 12
6. പോപ്പുലർ ഓട്ടോമൊബൈൽസ്, തിരുവനന്തപുരം .. 41
7. കൊച്ചിൻ ഗ്രാഫൈറ്റ്സ്, കൊച്ചിൻ .. 47
8. പിയർലൈറ്റ് വയർ പ്രോഡക്ട് .. 150
9. ഇൻഡ്യൻ ട്രാൻസ്ഫോമേഴ്സ് ലിമിറ്റഡ് .. 65
10. മെറ്റൽ സ്റ്റീൽ റോളിംഗ് ആൻറ് അലൈഡ് ഇൻഡസ്ട്രീസ്, വടക്കാഞ്ചേരി .. 160
11. ജിയോവനോല ബിന്നി ലിമിറ്റഡ്, കൊച്ചിൻ .. 400
12. ഗ്വാളിയർ റയോൺസ്, മാവൂർ .. 3490
13. പുനലൂർ പേപ്പർ മിൽസ് .. 1068

(സി) 6197.

(ഡി) തൊഴിൽ പ്രശ്നങ്ങളും മാനേജ്മെൻറിന്റെ അപാകതകളും തീർക്കുവാൻ ആവശ്യമായ അനുരഞ്ജന സമ്മേളനങ്ങൾ തൊഴിൽ വകുപ്പ് വിളിച്ചുകൂട്ടുന്നുണ്ട്. പൊതുമേഖലാ സ്ഥാപനമായ ഫോംമാറ്റിംഗ്സ് ഇന്ത്യാ, കേരള കയർ കോർപ്പറേഷനിൽ ലയിപ്പിക്കുവാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ഇ) 6001.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) തൊഴിൽ പ്രശ്നങ്ങൾ, അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം, മാനേജ്മെൻറിന്റെ പോരായ്മകൾ, പ്രവർത്തനഫണ്ട് ഇല്ലായ്മ എന്നീ കാരണങ്ങളാലാണ് സ്ഥാപനങ്ങൾ പൂട്ടിയിടേണ്ടിവന്നത്.

ഭൂപരിഷ്ക്കരണത്തിന്റെ ഫലമായി ഭൂമി നഷ്ടപ്പെട്ടവർ

* 69. [70] ശ്രീ. ഇ. ററി. മുഹമ്മദ് ബഷീർ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. എം. അബൂബേക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂപരിഷ്ക്കരണത്തിന്റെ ഫലമായി ഭൂമി നഷ്ടപ്പെട്ട എത്ര മുൻ ജന്മിമാർ കേരളത്തിലുണ്ട് ;

(ബി) അവരുടെ സ്ഥിതിവിവരക്കണക്ക്, അവർക്ക് നൽകേണ്ട സഹായത്തിന്റെ വിശദാംശം തയ്യാറാക്കൽ എന്നിവയ്ക്ക് ഗവൺമെൻറ് ചുമതലപ്പെടുത്തിയിരുന്നത് ആരെയാണ് ;

(സി) എന്നാണ് ചുമതലപ്പെടുത്തിയത് ;

(ഡി) ഇതിന്റെ റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണമെന്ത് ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഭൂപരിഷ്ക്കരണത്തിന്റെ ഫലമായി എല്ലാ ഉപജീവനമാർഗ്ഗങ്ങളും ഭൂമിയും നഷ്ടപ്പെട്ട് വളരെ ദരിദ്രരായിത്തീർന്നവരെപ്പററി അന്വേഷിക്കുന്നതിനും അവരുടെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് റിപ്പോർട്ടുചെയ്യുന്നതിനും റവന്യൂ ബോർഡ് മെമ്പറായ ശ്രീ. എൻ. ഗോപാലകൃഷ്ണൻ നായരെ ഒരേകാംഗകമ്മീഷനായി നിയമിച്ചിട്ടുണ്ട്.

(സി) 1986 ഫെബ്രുവരിയിൽ.

(ഡി) ഇല്ല.

(ഇ) 1986 ഡിസംബർ അവസാനത്തിനുമുൻപ് റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ഗവൺമെൻറ് അനുശാസിച്ചിട്ടുള്ളത്. ഭൂപരിഷ്ക്കരണം നിമിത്തം ഭൂമി നഷ്ടപ്പെട്ട ജന്മിമാരെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ കമ്മീഷനു ശേഖരിക്കേണ്ടതുണ്ട്.

കക്കാ കൈകാര്യം ചെയ്യുന്നതിന് ലൈസൻസ്

* 70. [71] ശ്രീ. കെ. ടി. കുമാരൻ :
,, എം. കെ. കേശവൻ :
,, വി. കെ. രാജൻ :
,, കെ. വി. സുരേന്ദ്രനാഥ് :
ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനിംഗ് ആൻറ് ജിയോളജി വകുപ്പിൽനിന്നും കക്കാ കൈകാര്യം ചെയ്യുന്നതിന് ലൈസൻസ് നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly